# ശരീരം കർത്താവിനും കർത്താവ് ശരീരത്തിനും വേണ്ടി അത്രെ

സാക് പുന്നൻ

WFTW 21 മെയ് 2017

1 കൊരി. 6:1213 ൽ പൗലൊസ്, നാം നമ്മുടെ ശരീരത്തെ ഉപയോഗിക്കുന്ന വിധത്തെക്കുറിച്ച് സംസാരിക്കുന്നു. ' എൻറെ യാതൊരു ശാരീരിക ആഗ്രഹങ്ങൾക്കും ഞാൻ അധീനനാകുകയില്ല നമ്മുടെ ശരീരങ്ങൾക്ക് ആഹാരം അത്യന്താപേക്ഷിതമാണ്; എന്നാൽ നിങ്ങൾക്ക് ദൈവത്തിൻറെ ഒരു ദാസനായിരിക്കണമെങ്കിൽ, നിങ്ങൾ നിങ്ങളെത്തന്നെ ഭക്ഷണത്തിനാൽ അധീനനാക്കപ്പെടുവാൻ അനുവദിക്കരുത്. ഭക്ഷണം നിങ്ങളെ അധീനനാക്കത്തവിധം നിങ്ങൾ അതിനെ സ്നേഹിക്കുന്നു എങ്കിൽ, നിങ്ങൾ ഒരിക്കലും ദൈവത്തിൻറെ പ്രയോജനമുള്ള ഒരു ദാസൻ ആയിരിക്കുകയില്ല. നിങ്ങൾ ആ അടിമത്വത്തിൽ നിന്ന് സ്വതന്ത്രനാകേണ്ടതുണ്ട്. ഇവിടെയാണ് ഉപവാസത്തിനു നമ്മെ സഹായിക്കുവാൻ കഴിയുന്നത്. നമ്മുടെ ആത്മാവുമാത്രമല്ല, ഭൗതിക ശരീരവും ' ക്രിസ്തുവിൻറെ ഒരവയവമാണ്' (1 കൊരി.6:15). അതുകൊണ്ട് നാം അതിനെ യാതൊരു അസാന്മാർഗ്ഗിക ഉദ്ദേശ്യത്തിനും ഉപയോഗിക്കരുത്. അത് കർത്താവിൻറെ മാത്രം ഉപയോഗത്തിനായിരിക്കണം നമ്മുടെ കണ്ണുകൾ, നമ്മുടെ നാവ് അതുപോലെ നമ്മുടെ ശരീരത്തിൻറെ ഓരോ ഭാഗങ്ങളും .

ഇവിടെ നമ്മുടെ ശരീരത്തിനു വേണ്ടി ദൈവത്തിൻറെ അത്ഭുത കരമായ ഒരു വാഗ്ദത്തം ഉണ്ട് ഇപ്പോൾ ഞാൻ അത് അനേകവർഷങ്ങളായി എനിക്കു വേണ്ടി അവകാശപ്പെട്ടുകൊണ്ടിരിക്കുന്നു. ' ശരീരം കർത്താവിനും കർത്താവ് ശരീരത്തിനും വേണ്ടിയാണ് ' (1 കൊരി.. 6:13) 'കർത്താവെ, എൻറെ ശരീരം മുഴുവനും അവിടുത്തെതാണ്, ഉച്ചി മുതൽ ഉള്ളംകാൽ വരെ എൻറെ കണ്ണുകൾ, എൻറെ നാവ്, എൻറെ എല്ലാം', എന്നു നിങ്ങൾ പറയുകയും അത് അർത്ഥമാക്കുകയും ചെയ്താൽ, അപ്പോൾ കർത്താവ് മുഴുവനായി നിങ്ങളുടെ ശരീരത്തിനുവേണ്ടി ആയിരിക്കും. നിങ്ങൾ അവിടുത്തെ ശുശ്രൂഷിക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നിടത്തോളം കാലം നിങ്ങളുടെ ശരീരത്തെ അവിടുന്ന് അതിന് അനുയോജ്യമാംവിധം സൂക്ഷിക്കും. അവിടുന്ന് അതിനെ രോഗത്തിൽ നിന്നു പോലും സംരക്ഷിക്കും. യൗവനക്കാർ പോലും തളർന്നു പോകാം, എന്നാൽ തങ്ങളുടെ ശരീരങ്ങളെ കർത്താവിനു കൊടുക്കുന്നവർ ആകാശത്തിൽ കഴുകനെന്നപോലെ പറക്കും.

നമ്മുടെ ശരീരം പരിശുദ്ധാത്മാവിൻറെ മന്ദിരവും കൂടിയാണ് ( 1 കൊരി 6:19) അതുകൊണ്ട് നാം അതിനെ ഒരു തരത്തിലും മലിനമാക്കരുത്. നിങ്ങൾ ഒരു സഭാ മന്ദിരത്തിനകത്തുവച്ച് പുകവലിക്കുകയോ, മദ്യപിക്കുകയോ, വ്യഭിചാരം ചെയ്യുകയോ ഇല്ലെങ്കിൽ, നിങ്ങളുടെശരീരത്തിലും ഈ വക കാര്യങ്ങളൊന്നും ചെയ്യരുത്. കാരണം ദൈവത്തിൻറെ ശരിയായ ആലയം ഏതെങ്കിലും സഭാമന്ദിരമല്ല, എന്നാൽ നിങ്ങളുടെ ശരീരമാണ്. 'നിങ്ങൾ വിലയ്ക്കു വാങ്ങപ്പെട്ടിരിക്കുന്നവരാണ്. അതുകൊണ്ട് നിങ്ങളുടെ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ' ( വാക്യം 20)

ഈ ഒൻപത് വാക്യങ്ങൾ (1 കൊരി :1220) ഒരുമിച്ച് ചേർന്ന്, നമ്മുടെ ശരീരത്തെ എപ്രകാരം ഉപയോഗിക്കണമെന്നും അതിനുവേണ്ടിയുള്ള ദൈവത്തിൻറെ കരുതൻ എന്താണെന്നുമുള്ളതിനെക്കുറിച്ച് ദൈവ വചനത്തിൽ പരമാർശിക്കുന്ന ഏറ്റവും മനോഹരമായ ഭാഗങ്ങളിൽ ഒന്ന് രൂപപ്പെട്ടിരിക്കുന്നു. ഇതിനെപ്പറ്റി ധ്യാനിക്കുവാൻ ഞാൻ നിങ്ങളെ ഉത്സാഹിപ്പിക്കുന്നു, കാരണം ദൈവത്തെ സേവിക്കുവാൻ നമുക്ക് ആരോഗ്യമുള്ള ഒരു ശരീരം ആവശ്യമാണ്.

മിക്ക ക്രിസ്ത്യാനികളും രോഗസൗഖ്യത്തെക്കുറിച്ച് സംസാരിക്കുന്നു. എന്നാൽ രോഗ സൗഖ്യത്തെക്കാൾ നല്ലത് ആരോഗ്യമാണ് രോഗപ്രതിരോധമാണ് രോഗശാന്തിയെക്കാൾ നല്ലത്. കുറച്ചു ഭക്ഷിച്ച് ആരോഗ്യവാനായിരിക്കുന്നതാണ്, ശാപ്പാട്ടുരാമനായിരുന്ന് രോഗം പിടിച്ചിട്ട് ദൈവത്തോട് സൗഖ്യത്തിനായി ചോദിക്കുന്നതിനെക്കാൾ നല്ലത് കർത്താവിനോട് നിങ്ങളുടെ സൗഖ്യദായകനായിരിക്കുവാൻ ആവശ്യപ്പെടാതെ, അവിടുന്ന് നിങ്ങളുടെ ആരോഗ്യമായിരിക്കുവാൻ ആവശ്യപ്പെടുക. ശരീരത്തെ മുഴുവനായി കാർത്താവിന് കൊടുത്തിട്ട് പറയുക, 'കർത്താവെ അവിടുന്നാണ് എൻറെ ശരീരത്തിൻറെ ആരോഗ്യം. ഞാൻ എത്രനാൾ ഭൂമിയിൽ ജീവിച്ച് അങ്ങയെ ശുശ്രൂഷിക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നുവോ അത്രയും നാൾ ഞാൻ അങ്ങേയ്ക്ക് ലഭ്യമാണ്. ഞാൻ എൻറെ ശരീരത്തിൽ അങ്ങയെ മഹത്വപ്പെടുത്തും കാരണം അവിടുന്ന് അതിനെ ക്രൂശിൽ അങ്ങേയ്ക്ക് വേണ്ടി തന്നെ വിലയ്ക്കുവാങ്ങിയതാണ്. എൻറെ ശരീരം അങ്ങേയ്ക്കുമാത്രമുള്ളതാണ് '.

മറ്റൊരാളിനാൽ വിലയ്ക്കുവാങ്ങപ്പെട്ടിരിക്കുന്ന ഒരു വീടുപോലെയാണ് നമ്മുടെ ശരീരം കർത്താവിനാൽ. നാം ഈ വീട് ഒഴിഞ്ഞുകൊടുക്കുകയും അതിൻറെ ശരിയായ ഉടമസ്ഥൻ ഇനി അത് പൂർണ്ണമായി കൈവശമാക്കുവാൻ നാം അനുവദിക്കുകയും വേണം. മറ്റൊരാൾ വിലയ്ക്കുവാങ്ങിയിരിക്കുന്ന ഒരു വീട്ടിൽ തുടർന്നു താമസിക്കുന്നത് ഒരു പാപമാണ്. അതുകൊണ്ട് നിങ്ങളുടെ ശരീരം മുഴുവനായി കർത്താവിന് കൈമാറുക.